# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### മുതുകുളം ബ്ലോക്ക് പഞ്ചായത്തിലെ ഐ.എ.വൈ. പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4635

27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കെ. സദാശിവൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഐ.എ.വൈ. പദ്ധതി പ്രകാരം ധനസഹായം 2 ലക്ഷമായി ഉയർത്തിയ ശേഷം മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ സഹായം ലഭിച്ചുവെന്ന് വിശദമാക്കാമോ ; | (എ) | 377 ഐ.എ.വൈ ഗുണഭോക്താക്കൾക്ക് 2,00,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) | 2011-12 വർഷം ഐ.എ.വൈ പദ്ധതി മാനദണ്ഡപ്രകാരം വീടൊന്നിന് നൽകുന്ന 48,500/- രൂപയുടെ 25% സംസ്ഥാന വിഹിതമായ 12,125/- രൂപയും സംസ്ഥാന സർക്കാർ അധിക ധനസഹായമായ 75,000/- രൂപയുമാണ് സംസ്ഥാന വിഹിതം. |
| (സി) | ഗുണഭോക്താക്കൾക്ക് ലഭ്യമാകേണ്ട ഗഡുക്കൾ മുടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം പൂർണ്ണമായി ലഭ്യമാകാത്തതിനാലും, ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും ഭീമമായ തുക നീക്കി വയ്ക്കേണ്ടതിനായി വന്ന കാലതാമസം മൂലവും, സഹകരണ ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാകാത്തതിനാലും ആണ് ഗഡുക്കൾ വൈകിയിട്ടുള്ളത്. |
| (ഡി) | യഥാസമയം ഗഡുക്കൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | അടിയന്തിരമായി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ